LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) തലശ്ശേരി അഡീഷണൽ തഹസീൽദാരുടെ റിപ്പോർട്ടും സ്കെച്ചും, പ്രസ്തുത ആശുപത്രി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലത്തിന്റെ രൂപരേഖയും ലഭ്യമായിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക്, കോടിയേരി അംശം കറിച്ചി ദേശത്തെ ഏകദേശം 6.5 കോടി മതിപ്പുവില കണക്കാക്കിയുള്ള 3.0538 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, തലശ്ശേരി ജനറൽ ആശുപത്രിയിലെ എച്ച്.എം.സി.-ക്ക്, മേൽ അത്യാവശ്യത്തിലേക്ക് 5 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, എച്ച്.എം.സി. മെമ്പർമാർ ഉൾപ്പെട്ട ഒരു ജനകീയ കമ്മിറ്റി ഇതിന് വേണ്ടി ധനശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ടി ആശുപത്രി നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പതിനാലാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തൈറോയ്ഡ് രോഗം

37 (744) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗം വ്യാപകമായി കണ്ടുവരുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) അയഡിൻ ചേർത്ത ഉപ്പ് ഉപയോഗിച്ചിട്ടും തൈറോയ്ഡ് രോഗമുള്ളവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൈറോയ്ഡ് രോഗത്തെ സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) രോഗനിർണ്ണയത്തിനും നിയന്ത്രിക്കുന്നതിനും മതിയായ സൗകര്യങ്ങളില്ലാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) തൈറോയ്ഡ് ഗ്രന്ഥിയിലുണ്ടാകുന്ന എല്ലാ അസുഖങ്ങളും അയഡിന്റെ അഭാവംമൂലമല്ല. അതിന്റെ കാരണം കണ്ടുപിടിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. തൈറോയ്ഡ് രോഗത്തെ സംബന്ധിച്ച് നാഷണൽ അയഡിൻ ഡിസ്സോർഡർ കൺട്രോൾ പ്രോഗ്രാം (NIDDCP) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ അയഡിന്റെ അഭാവംമൂലമുള്ള ഗോയിറ്റർ ഉണ്ടോ എന്ന് ആരോഗ്യ വകുപ്പ് സർവ്വേ നടത്തുന്നുണ്ട്. ICMR വഴിയും ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തുന്നുണ്ട്.

(ഡി) രോഗനിർണ്ണയത്തിനും നിയന്ത്രണത്തിനും സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്നിവിടങ്ങളിൽ സൗകര്യങ്ങൾ നിലവിലുണ്ട്.

മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

38 (745) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജില്ലാ ആശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(സി) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly